**<u>വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**

**(ഹാജർ: അനുപമ.റ്റി.വി IAS)**

**<u>ഉത്തരവ് നം.WCD/E9/14181/2020</u>** **<u>തിരുവനന്തപുരം,തീയതി:01.02.2021</u>**

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. 03.11.2020 ലെ WCD-E8/1616/2020(1) നം ഗസറ്റ് വിജ്ഞാപനം.

2. വനിത ശിശു വികസന ഡയറക്ടറുടെ 07.01.2021 ലെ ഇതേ നം നടപടിക്രമങ്ങൾ.

3. ശ്രീ.സുധീർ കുമാർ.പി, സീനിയർ സൂപ്രണ്ടിന്റെ അപേക്ഷ.

വനിത ശിശു വികസന വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യേഗക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റിന്റെ വിജ്ഞാപനം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ നിന്നും ക്രമ നം 2 വരെയുള്ളവർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പരാമർശം (2) പ്രകാരം ഉദ്യേഗക്കയറ്റം അനുവദിച്ചിട്ടുണ്ട്.

കൊല്ലം ജില്ലാ വനിത ശിശു വികസന ഓഫീസിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പി.ശൈല കുമാർ 31.01.2021 ന് സേവനത്തിൽ നിന്നും വിരമിച്ചതിലൂടെ പ്രസ്തുത തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. വനിത ശിശു വികസന ഡയറക്ടറേറ്റിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീ.സുധീർ കുമാർ.പി കൊല്ലം ജില്ലാ വനിത ശിശു വികസന ഓഫീസിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം (1) ലെ സെലക്ട് ലിസ്റ്റിൽ ക്രമ നം 3 ആയി ഉൾപ്പെട്ടിട്ടുള്ള ജൂനിയർ സൂപ്രണ്ട് ശ്രീ.അജിത്ത് കുമാർ.ബി.എൽ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യേഗക്കയറ്റം നേടുന്നതിന് അർഹനുമാണ്.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലാ വനിത ശിശു വികസന ഓഫീസിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പി.ശൈല കുമാർ 31.01.2021 ന് വിരമിക്കുന്നതിലൂടെ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് പരാമർശം (3) ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ശ്രീ.സുധീർ കുമാർ.പി, സീനിയർ സൂപ്രണ്ടിന് സ്ഥലം മാറ്റം അനുവദിച്ച കൊണ്ടും പരാമർശം (1) ലെ സെലക്ട് ലിസ്റ്റിൽ ക്രമ നം 3 ആയി ഉൾപ്പെട്ടിട്ടുള്ള ജൂനിയർ

സൂപ്രണ്ട് ശ്രീ.അജിത്ത് കുമാർ.ബി.എൽ-ന് കെ.എസ് & എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 36600-79200 രൂപ ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച്കൊണ്ടും ചുവടെ കാണും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, കാര്യാലയം | സ്ഥലമാറ്റം/സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1. | ശ്രീ.സുധീർ കുമാർ.പി, സീനിയർ സൂപ്രണ്ട്, വനിത ശിശു വികസന ഡയറക്ടറേറ്റ് | സീനിയർ സൂപ്രണ്ട്, ജില്ലാ വനിത ശിശു വികസന ഓഫീസ്, കൊല്ലം |
| 2. | ശ്രീ.അജിത്ത് കുമാർ.ബി.എൽ, ജൂനിയർ സൂപ്രണ്ട് , വനിത ശിശു വികസന ഡയറക്ടറേറ്റ് | സീനിയർ സൂപ്രണ്ട്, വനിത ശിശു വികസന ഡയറക്ടറേറ്റ് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും.

സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതും വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച ആർ.ടി.സി യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

**പകർപ്പ്**

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3. ബന്ധപ്പെട്ട ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക്
4. സൂപ്രണ്ട് ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഡയറക്ടറുടെ സി.എ
6. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്